മി. സ്പീക്കർ: ഉപധനാഭ്യർത്ഥനകളുടെ ചർച്ചയ്ക്ക് മുമ്പായി ഉന്നയിക്കുന്നതിന് ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ക്രമപ്രശ്നമാണ് അദ്ദേഹം ഉന്നയിച്ചിരിക്കുന്നത്. എന്നാൽ ചട്ടപ്രകാരം 'ക്രമപ്രശ്നം' എന്ന നിർവ്വചനത്തിന്റെ പരിധിയിൽ വരുന്ന ഒന്നല്ല അങ്ങയുടെ കുറിപ്പ്. സർക്കാരിന്റെ വിവിധ പദ്ധതികൾക്കായി ബഡ്ജറ്റിലോ ഉപധനാഭ്യർത്ഥനയിലോ തുക വകയിരുത്താതിരുന്നത് സംബന്ധിച്ച കാര്യങ്ങൾ പൊതുവെ അതുമായി ബന്ധപ്പെട്ട ചർച്ചാവേളയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതാണ് ഇതുവരെയുള്ള നടപടിക്രമവും കീഴ്വഴക്കവും. ക്രമപ്രശ്നമായി അതിനെ ഉന്നയിക്കേണ്ട സാഹചര്യം കാണുന്നില്ല. എന്നിരുന്നാലും ശ്രീ. വി. ഡി. സതീശന് എഴുതി നൽകിയ വിഷയത്തിൽ രണ്ടു വാക്ക് സംസാരിക്കാവുന്നതാണ്.

## റീബിൽഡ് കേരളയ്ക്ക് ലഭ്യമാക്കിയ തുക ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടെ ഭരണഘടന പ്രകാരവും, റൂൾസ് ഓഫ് പ്രൊസീഡ്യുവർ പ്രകാരവുമാണ് ഇത്തരം കാര്യങ്ങൾ

ഉപധനാഭ്യർത്ഥനയിൽ ഉണ്ടാകേണ്ടത്. ഭരണഘടനയ്ക്കും റൂൾസ് ഓഫ് പ്രൊസീഡ്യുവറിന് വിരുദ്ധമായും ഉപധനാഭ്യർത്ഥനയിൽ ഞാൻ പറയുന്ന കാര്യം ഉൾപ്പെടുത്താത്തതുകൊണ്ടാണ് പോയിന്റ് ഓഫ് ഓർഡറായി ഉന്നയിച്ചത്. ഭരണഘടനാവിരുദ്ധമായ കാര്യങ്ങൾ, റൂൾസ് ഓഫ് പ്രൊസീഡ്യുവറിന് വിരുദ്ധമായ കാര്യങ്ങൾ സഭയിൽ നടക്കുമ്പോഴാണ് ക്രമപ്രശ്നം ഉന്നയിച്ച് അത് ഓർഡറിൽ അല്ലായെന്ന് പറയുന്നത്. ക്രമപ്രശ്നമല്ലെന്ന് പറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല.

എന്റെ വിഷയം ഇതാണ്, കേരള പുനർനിർമ്മാണ പദ്ധതിക്കായി റെസിലിയന്റ് കേരള എന്ന പദ്ധതിയുടെ പേരിൽ ലോക ബാങ്ക് കേരളത്തിന് 500 മില്യൻ ഡോളർ അനുവദിച്ചിരുന്നു. അതിൽ ഒന്നാംഘട്ട സഹായമായി 2019 സെപ്റ്റംബർ ആദ്യവാരം, അതായത് ഓണത്തിനു മുൻപ് 250 മില്യൻ ഡോളർ നമുക്ക് തന്നിട്ടുണ്ട്. നമ്മുടെ അക്കൗണ്ടിൽ വന്നിട്ടുണ്ട്. 1780 കോടി രൂപയാണ്. ഈ 1780 കോടി രൂപ റീബിൽഡ് കേരളയുടെ അക്കൗണ്ടിലേയ്ക്ക് വകയിരുത്തിയിട്ടില്ല. സാധാരണഗതിയിൽ ഇങ്ങനെ വരുന്ന തുക അധിക ധനാനുമതിയായോ ഉപധനാഭ്യർത്ഥന വഴിയായോ നൽകുകയാണ് സാധാരണ ചെയ്യുന്നത്. ഇന്ന് വച്ചിരിക്കുന്ന ഈ ഉപധനാഭ്യർത്ഥനയിൽ ഈ തുക

റീബിൽഡ് കേരളയ്ക്ക് വകയിരുത്തിയിട്ടില്ല. യഥാർത്ഥത്തിൽ റീബിൽഡ് കേരളയ്ക്ക് വേൾഡ് ബാങ്കിൽ നിന്ന് കിട്ടിയ 1780 കോടി രൂപ ദുരിതബാധിതരായ കേരളത്തിലെ മുഴുവൻ ജനങ്ങളെയും കബളിപ്പിച്ചുകൊണ്ട് ഈ സർക്കാർ വകമാറ്റി ചെലവഴിച്ചിരിക്കുകയാണ്. അത് മറച്ചുവയ്ക്കാൻ വേണ്ടിയാണ് ഈ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താതിരിക്കുന്നത്. ഈ 1780 കോടി രൂപ വേൾഡ് ബാങ്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് വേണ്ടി തന്ന പണം എവിടെപ്പോയിയെന്ന് ഗവൺമെന്റ് വ്യക്തമാക്കണം. ജനങ്ങളെ മുഴുവൻ കബളിപ്പിച്ചുകൊണ്ട് സെപ്റ്റംബർ ആദ്യവാരം ഓണത്തിനു മുൻപ് ഈ സംസ്ഥാനത്തെ ഖജനാവിലേയ്ക്ക് വന്ന പണം എവിടെപ്പോയിയെന്ന് അറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. അത് ഈ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തേണ്ടതാണ്, അത് ഓർഡറിലല്ല എന്നതാണ് എന്റെ ക്രമപ്രശ്നം.

<u>മി. സ്പീക്കർ</u>: ഇത് ക്രമപ്രശ്നമല്ലെന്ന് ഞാൻ പറയാനുള്ള കാരണം സഭയുടെ ഓർഡറുമായി ബന്ധപ്പെട്ടതാണ് ക്രമപ്രശ്നം. ക്രമപ്രശ്നം ചട്ടങ്ങളുടേയോ, ഭരണഘടനയുടേയോ സഭയുടെ കാര്യനിർവ്വഹണം സംബന്ധിച്ചോ ക്രമീകരിക്കുന്ന അനുച്ഛേദങ്ങളുടേയോ വ്യാഖ്യാനത്തെയോ നടപ്പിലാക്കുന്നതിനെ സംബന്ധിച്ചുള്ളതായിരിക്കേണ്ടതാണ്. ഇവിടെ തുക

വകയിരുത്താത്തതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാനാണ് നമ്മൾ 3 മണിക്കൂർ സമയമെടുക്കുന്നത്. ആ ചർച്ചയിലൂടെ അത് ഉന്നയിക്കുകയും ശ്രദ്ധയിൽക്കൊണ്ടുവരികയും അതിന് പരിഹാരം കാണുകയുമാണ് അതിന്റെ രീതിയെന്നതാണ് ഞാൻ ഉദ്ദേശിച്ചത്. അത് പോയിന്റ് ഓഫ് ഓർഡർ എന്ന നിലയ്ക്ക് കാണേണ്ടതില്ല.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, അങ്ങയെ ഞാൻ ബഹുമാനിക്കുകയാണ്. ഭരണഘടനാപരമായ പ്രശ്നങ്ങളും നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണെങ്കിൽ സഭയിൽ ക്രമപ്രശ്നമായിത്തന്നെ ഉന്നയിക്കാനുള്ള അധികാരമുണ്ട്. അല്ലാതെ സഭ ഓർഡറാണോ എന്നുള്ളതു മാത്രമല്ല.

<u>മി. സ്പീക്കർ</u>: സഭയുടെ കാര്യനിർവ്വഹണമെന്നാണ് ചട്ടത്തിൽ പറയുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: അത് ശരിയാണ്. പക്ഷെ, ഭരണഘടനാപരമായ തെറ്റുകൾ ഉണ്ടെങ്കിലോ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാലോ ക്രമപ്രശ്നം തന്നെയാണ്. സഭ നടക്കുന്നത് ഭരണഘടനാപ്രകാരമല്ലേ; അതെന്താണ് അങ്ങനെ പറയുന്നത്?

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>):

സർ, ബഹുമാനപ്പെട്ട മെമ്പർ വി. ഡി. സതീശന് വലിയ തെറ്റിദ്ധാരണയാണ് വന്നിരിക്കുന്നത്. നമ്മൾ പാസ്സാക്കിയ ബഡ്ജറ്റിൽ റീബിൽഡ് കേരളയ്ക്ക് 5475-00-115-94 എന്ന ശീർഷകത്തിൽ 1000 കോടി രൂപ അക്കൗണ്ട് ചെയ്തിട്ടുണ്ട്. അക്കൗണ്ട് ചെയ്തത് എന്തടിസ്ഥാനത്തിലാണ്? ഈ വായ്പ തരപ്പെടുമെന്ന് വച്ചിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ആ പണം വരുമ്പോൾ അതിലേയ്ക്കാണ് പോകുന്നത്. ആ അക്കൗണ്ടിലെ ശീർഷകത്തിലാണ് ചെലവാക്കുക. ഈ ഡിമാന്റ്സിൽ ഉൾപ്പെടുത്തണമെന്ന് പറയുന്നത് എങ്ങനെയാണ്. ഇത് ചർച്ച ചെയ്യുന്നത് ഡിമാന്റല്ലേ, സർക്കാരിന്റെ റസീപ്റ്റും അത് അക്കൗണ്ട് ചെയ്യുന്ന കാര്യവും ഡിമാന്റിൽ എങ്ങനെയാണ് ഞാൻ പറയുന്നത്. 1500 കോടി രൂപ വരെ സഭയിൽ വരും. അന്ന് 500 കോടി രൂപ അഡീഷണൽ ആതറൈസേഷൻ..., അഡീഷണലായി സപ്ലിമെന്ററി ഡിമാന്റിൽ ആവശ്യപ്പെടും. അതല്ലേ അതിന്റെ രീതി, എനിക്ക് മനസ്സിലാകുന്നില്ല എന്താണ് അങ്ങ് പറഞ്ഞതെന്ന്.

<u>ശ്രീ. വി. ഡി. സതീശൻ</u>: (...മൈക്ക് ഓഫ്...) 1000 കോടി രൂപ വച്ചിരിക്കുന്നതിൽ ഒരു രൂപ പോലും ചെലവാക്കിയിട്ടില്ലല്ലോ; അക്കൗണ്ടിൽ ഈ പൈസ ഉണ്ടായിട്ട് എവിടെയാണ് ഇത് ചെലവാക്കിയത്. ഈ പണം

എവിടെപ്പോയി?

മി. സ്പീക്കർ: ചർച്ച നടക്കട്ടെ, ചർച്ചയിലൂടെ വരട്ടെ.